മനോരമ




നിയമവിദ്യാർഥികൾക്കായി 'വിശ്വാസ്' നടത്തിയ സംവാദമത്സരത്തിലെ വിജയികൾ ഭാരവാഹികൾക്കൊപ്പം.

# ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ്: ആശങ്കയും നേട്ടവും ചർച്ചചെയ്ത് സംവാദം

പാലക്കാട് ● 'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' രാജ്യത്തിന്റെ വൈവിധ്യത്തെ ബാധിക്കുമെന്നും എന്നാൽ, ഭീമമായ സാമ്പത്തിക ചെലവും സമയനഷ്ടവും ഒഴിവാക്കാൻ അതു സഹായിക്കുമെന്നും വിശ്വാസ് ഇന്ത്യ പാലക്കാട് ചാപ്റ്ററും പാലക്കാട് പ്രോസിക്യൂട്ടേഴ്സും നടത്തിയ സംവാദത്തിൽ വാദമുഖങ്ങളുയർന്നു.

മുൻ പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ വേലായുധൻ നമ്പ്യാരുടെ സ്മരണയ്ക്ക് ജില്ലയിലെ നിയമവിദ്യാർഥികൾക്കായി നടത്തിയ സംവാദത്തിലാണ് എതിർത്തും അനുകൂലിച്ചും സംവാദം നടന്നത്. രാജ്യത്തു നടപ്പാക്കാൻ കഴിയാത്ത സംവിധാനമാണിതെന്ന് ഒരു വിഭാഗം വാദിച്ചപ്പോൾ, ലോകത്തെ ഉദ്യോഗസ്ഥരുടെ ഭാരം കുറച്ച്, ഇടക്കിടെയുള്ള തിരഞ്ഞെടുപ്പിനു പകരം വികസനത്തിന് കൂടുതൽസമയം ലഭിക്കുമെന്നായിരുന്നു മറുപക്ഷവാദം. ഓയിസ്ക ഇന്റർനാഷനൽ സൗത്ത് ഇന്ത്യ പ്രസിഡന്റ് ഡോ. പാർവതി വാര്യർ,പാലക്കാട് ബാർ അസോസിയേഷൻ സെക്രട്ടറി അഡ്വ. വിനോദ് കയനാട്,എപിപി എം. റഫീഖ് .നിയമവേദി കൺവീനർ അഡ്വ. കെ.വിജയ എന്നിവർ മോഡറേറ്ററായി.

മത്സരത്തിൽ വി.ആർ. കൃഷ്ണൻ എഴുത്തച്ഛൻ ലോ കോളജിലെ ഹിമാ, ദിവ്യ എന്നിവർ ഒന്നാം സ്ഥാനവും അൽ അമീൻ ലോ കോളജ് നടാഷ, അൻഷിഫ വി എ എന്നിവർ രണ്ടാം സ്ഥാനവും വി ആർ കൃഷ്ണൻ എഴുത്തച്ഛൻ ലോ കോളജിലെ അപർണ എ. ബി,ശ്വേതാ ഉണ്ണി എന്നിവർ മൂന്നാം സ്ഥാനവും നേടി.. മികച്ച ലോ കോളജിനുള്ള സമ്മാനം കൃഷ്ണൻ എഴുത്തച്ഛൻ ലോകോളജിനാണ്. വിശ്വാസ് ഇന്ത്യ വൈസ് പ്രസിഡന്റ് ബി ജയരാജൻ അധ്യക്ഷനായി. വിശ്വാസ് സെക്രട്ടറി അഡ്വ. എൻ.രാഖി, ട്രഷറർ എം.ദേവദാസൻ, നിയമവേദി ചെയർപേഴ്സൺ അഡ്വ. എസ്.ശാന്താദേവി, അഡ്വ. ആർ. അജയകൃഷ്ണൻ, എറണാകുളം ഡപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ പി. ലത. ഇ,അഡ്വ. അംബിക ഉദയകുമാർ, അഡ്വ. ദീപ്തി പ്രതീഷ് സംസാരിച്ചു.